വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) അന്ധബധിര വിദ്യാലയങ്ങൾക്കായി, അന്ധ ബ ധി ര ക്ഷേ മ ഫണ്ടിൽനിന്നും കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഗ്രാൻറു നൽകിയിട്ടില്ല.

(ബി, സി) തന്നിമിത്തം ചോദ്യം ഉദിക്കുന്നില്ല.

(ഡി) 1959 മാർച്ചുമാസത്തിൽ, അന്ധബധിരക്ഷേമ ഉപദേശക സമിതി കൂടിയിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: ഈ സമിതി കൂടിയിട്ട് എന്തെല്ലാം തീരുമാനം എടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: തീരുമാനങ്ങൾ ഇതിൽ കാണുന്നില്ല; അന്വേഷിച്ചു പറയാം.

ഹരിജൻ ഹോസ്റ്റൽ നിർമ്മാണം.

* 1794. [2] ശ്രീ. കെ. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറിൽ ഏതെല്ലാം ജില്ലകളിലാണ് ഹരിജൻ ഹോസ്റ്റലുകൾ നിർമ്മിക്കാൻ ഗവണ്മെൻറു തീരുമാനിച്ചത്;

(ബി) ഓരോ ഹോസ്റ്റലിനും നീക്കിവച്ച സംഖ്യ എത്ര;

(സി) പാലക്കാട്ടും, കണ്ണൂരും ഓരോ ഹോസ്റ്റൽ നിർമ്മിക്കുവാൻ ഗവണ്മെൻറു തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻെറ പ്രവൃത്തിയുടെ പുരോഗതി എന്താണെന്നു പറയുമോ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) തിരുവനന്തപുരം, എറണാകുളം, കണ്ണൂർ എന്നീ മൂന്നു ജില്ലകളിൽ ഓരോ കോസ്മോ പോളിറ്റൻ ഹോസ്റ്റൽ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) മൂന്നു കോസ്മോ പോളിറ്റൻ ഹോസ്റ്റലുകൾക്കുംകൂടി 5 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഓരോ ഹോസ്റ്റലിൻെറയും ചെലവിനെപ്പറ്റിയുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) പാലക്കാട്ടു ജില്ലയിൽ കോസ്മോ പോളിറ്റൻ ഹോസ്റ്റൽ നിർമ്മിക്കാൻ ആലോചനയൊന്നുമില്ല. കണ്ണൂർ ഡിസ്ട്രിക്റ്റിൽ പണിയാൻ ഉദ്ദേശിക്കുന്ന ഹോസ്റ്റലിന് സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിനു നടപടിയെടുത്തുവരുന്നു.

ശ്രീ. കെ. കുഞ്ഞമ്പു: കണ്ണൂർ ജില്ലയിൽ ഒരു ഹോസ്റ്റൽ പണിയാൻ തീരുമാനമെടുത്തത് ഏതുകാലത്താണ്?

ശ്രീ. പി. കെ. ചാത്തൻ: 1957-58-ൽ തീരുമാനം എടുത്തതായിട്ടാണ് ഓർമ്മ. അതിനുവേണ്ട സ്ഥലം പൊന്നുംവിലയ്ക്ക് എടുത്തിട്ട്, ചില തടസ്സങ്ങളും, പരാതികളും ഉണ്ടായതിൻെറ അടിസ്ഥാനത്തിലാണ് ഹോസ്റ്റൽപണി നീണ്ടുപോയിട്ടുള്ളത്. അതിന്മേൽ അടിയന്തിര നടപടിയെടുക്കുന്നതിനു ഉദ്യോഗസ്ഥന്മാരും, കളക്ടരുംകൂടി ആലോചിച്ച്, ഒരു പരിശോധന നടത്തി, അതിൻെറ പണി ഇക്കൊല്ലംതന്നെ നടത്താൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു: കണ്ണൂർ ജില്ലയിൽ ഹോസ്റ്റൽ പണിയുന്നതിനും ആവശ്യമുള്ള സ്ഥലം അക്വയർ ചെയ്യാൻ അടിയന്തിര നടപടിയെടുക്കണമെന്നു ഗവണ്മെൻറിൽനിന്നും നിർദ്ദേശം നൽകിയിട്ടും അതിന്മേൽ ആവശ്യമായ നടപടിയെടുക്കാത്തതിനാൽ, അക്വയർ ചെയ്യാൻ തീരുമാനം എടുത്ത സ്ഥലത്തു പുതിയ കെട്ടിടം ഉണ്ടാക്കാൻ ആരംഭിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പി. കെ. ചാത്തൻ: അങ്ങനെയല്ല ഉണ്ടായതു്. ഹോസ്റ്റൽ നിർമ്മിക്കാൻ കളക്ടർ ചൂണ്ടിക്കാണിച്ചിരുന്ന സ്ഥലം എടുക്കുന്നതിനെ സംബന്ധിച്ചു് പരാതികളുണ്ടായതിനാൽ, അതു് ഒരു തീരുമാനത്തിലാകുന്നതുവരെ ഗവണ്മെൻറ് കാത്തിരുന്നതാണു്.

ശ്രീ. കെ. കുഞ്ഞമ്പു: അങ്ങനെ അക്വയർ ചെയ്യാൻ തീരുമാനിച്ചിരുന്ന സ്ഥലത്തു വേറെ കെട്ടിടം ഉണ്ടാക്കുകയാണെങ്കിൽ, ആ കെട്ടിടത്തോടുകൂടി അതു് അക്വയർ ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. ചാത്തൻ: അതു ശരിയായിരിക്കുകയില്ല; ഹോസ്റ്റൽ പണിയാൻ വേറെ സ്ഥലം കണ്ടുപിടിച്ചു പണി നടത്താൻ വേണ്ട നടപടിയെടുക്കാം.

ശ്രീ. കെ. ഈച്ചരൻ: പാലക്കാട്ടു് ഹോസ്റ്റൽ വേണ്ടെന്നു തീരുമാനിക്കാൻ കാരണമെന്താണു്?

ശ്രീ. പി. കെ. ചാത്തൻ: പ്ലാൻ അനുസരിച്ചു മുന്നു ഹോസ്റ്റൽ പണിയുന്നതിനാണു് വിഹിതം കിട്ടിയിട്ടുള്ളതു്. ഏതെങ്കിലും സ്ഥലത്തു ഹോസ്റ്റൽ വേണ്ടെന്നു വച്ചിട്ടില്ല.

ശ്രീ. തായലക്കര കെ. കൃഷ്ണൻ: എറണാകുളത്തെ ഹോസ്റ്റൽപണി എന്നത്തേയ്ക്കു പൂർത്തിയാകും?

ശ്രീ. പി. കെ. ചാത്തൻ: കാളേജുകൾ ഉറക്കുന്നതോടുകൂടി അവസാന വേല തീരുമെന്നാണു് എൻജിനീയർ പറഞ്ഞിരിക്കുന്നതു്.

Grant to Harijan Institution.

* 1795. [3] ശ്രീ. എൻ. கணபதி: கீழ் காணும் விஞ்சக ஜாக்கு ஸ்தல ஸ்தாபன மந்திரி அவர்கள் விடை பகர்வார்களாக:

(எ) 1-1-1959 முதல் மே மாதம் முடிய எதாவது ஹரிஜன் ஸ்தாபனங்களுக்கு கிராண்ட் அனுமதிக்கப்பட்டதா;

(பி) அனுமதிக்கப்பட்டிருந்தால் எத்தனை ஸ்தாபனங்களுக்கு?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) ഉണ്ടു്.
(ബി) 10.

ആലപ്പുഴ ഡിസ്പെൻസറി ആശുപത്രി.

* 1796. [4] ശ്രീ. തോമസു് ജാൺ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് എത്ര ഡിസ്പെൻസറികളുണ്ടു്;

(ബി) ആലപ്പുഴ ഡിസ്പെൻസറി ഇന്നു സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും മാറ്റുന്നതിനു ഗവണ്മെൻറ് നടപടി കൈക്കൊണ്ടിട്ടുണ്ടോ?

(സി) ഡിസ്പെൻസറി ആശുപത്രികൾ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളിൽ സ്ഥലസൗകര്യമില്ലാതെ രോഗികൾ കഷ്ടപ്പെടുന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly